പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52 — 8.8.2017 -ൽ മറുപടിയ്ക്ക്

# വിനോദസഞ്ചാര മേഖലയിലെ വികസന സാധ്യതകൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. ജോയി<br>ശ്രീ.ആർ. രാജേഷ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പുതിയ സാധ്യതകൾ കണ്ടെത്തുന്നതിന് സഹായകമാകുംവിധം പുതിയ ടൂറിസം നയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br>ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ്, പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്. |
| ബി) | സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കവിധമുള്ള ഭിന്നശേഷി ടൂറിസം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി |

| | | | |
|---|---|---|---|
| | | | ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹൃദസംരംഭം കൂടി ഉൾപ്പെടുത്തുവാനാണ് ആലോചിക്കുന്നത്. |
| സി) | കിഫ്ബിയുടെ സഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വിപുലമായ വികസനത്തിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ഉണ്ട്. ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 08.08.2016 ലെ സ.ഉ(കൈ)നം.315/2016/ഫിൻ പ്രകാരമുള്ള നിലവിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കോഴിക്കോട് SIHM കാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം<br>2. മുഴപ്പിലങ്ങാടിൽ ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം<br>3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം<br>4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം<br>5. പാലക്കാട് ജില്ലയിലെ കാഞ്ഞിരമ്പുഴ ഡാം വികസനം<br>6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വിനോദസഞ്ചാര വികസനം<br>7. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം പരിസര വിനോദസഞ്ചാര വികസനം<br>8. മുഴപ്പിലങ്ങാട്-ധർമ്മടം-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം |

സെക്ഷൻ ഓഫീസർ